63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 950 Participant Code: 329

വിഷയം: വേഗത്തിൽ നീങ്ങുന്ന ഘടികാര സൂചി

# നീങ്ങുന്ന ജീവിതഗാഥ

"എപ്പോഴായിരുന്നു ?" രാഘവേട്ടന്റെ മരണ വാർത്ത അറിഞ്ഞു വന്ന സോമൻ തൊട്ടടുത്ത് നിന്ന അനൂപിനോട് ചോദിച്ചു.

"രാവിലെ എട്ടരയ്ക്കായിരുന്നു." അനൂപ് മറുപടി പറഞ്ഞു.

"ബോഡി വന്നോ?"

"ആം"

"എപ്പോഴാ അടക്കം?"

"വൈകിട്ടു നാലിനാണെന്ന് പറയുന്നത് കേട്ടു."

"അപ്പു വന്നോ?"

"ഇതുവരെ വന്നിട്ടില്ല."

"എന്തായാലും വരാതിരിക്കില്ല. മൂത്ത മോനല്ലേ? കൊള്ളി വെയ്ക്കേണ്ടത് അവനല്ലേ?"

"വരുമായിരിക്കും."

സോമന്റെയും അനൂപിന്റെയും പരുക്കൻ ശബ്ദത്തിലുള്ള

പിറു പിറുക്കലുകളിൽ അസ്വസ്ഥനായ ഉണ്ണി അവരോട് പറഞ്ഞു: "ഒന്നുമില്ലെങ്കിലും ഇതൊരു മരണം നടന്ന വീടല്ലേ! നിങ്ങൾക്കൊന്ന് മിണ്ടാതിരുന്നു കൂടെ?" ഉണ്ണിയെ ഒന്നു പുച്ഛഭാവത്തോടെ നോക്കിയിട്ട് ഗോപനും അനൂപും അവിടെ നിന്നും കുറച്ച് മാറി നിന്നു. മുറ്റത്ത് പെട്ടെന്നൊരു കാർ വരുന്ന ശബ്ദം കേട്ടു. എല്ലാവരുടേയും ശ്രദ്ധ പൊടുന്നനെ ആ വീട്ടിൽ നിന്നും കാറിലേക്ക് മാറി. ചുറ്റും നിശബ്ദത. ഒരു മഹാദുരന്തത്തിന് മുന്നോടിയായി ~~[illegible]~~ വരുന്ന നിശബ്ദത അവിടെ നിറഞ്ഞു. പെട്ടെന്ന് കാറിന്റെ പിറകിലെ ഡോർ തുറന്നു. കണ്ടാൽ പത്തിരുപത്തഞ്ച് വയസ് പ്രായം തോന്നിക്കുന്ന, ~~[illegible]~~ അഞ്ചരയടി പൊക്കവും അതിനൊത്ത വണ്ണവുമുള്ള, ~~[illegible]~~ ഒരു ചെറുപ്പക്കാരൻ ആ കാറിൽ നിന്നും പുറത്തേക്ക് ഇറങ്ങി. വലിയ ഉരുണ്ട കണ്ണുകളുള്ള ആ മനുഷ്യന്റെ രണ്ടു കണ്ണുകളും ചുവന്ന് കലങ്ങി വിങ്ങി വീർത്ത് ഇരിക്കുകയായിരുന്നു. അയാൾക്ക് പുറകെ ഒരു ഇരുപത് വയസ് പ്രായം തോന്നിക്കുന്ന കഴുത്തിൽ താലിയും

കൂടാതെ ഒരു കൊന്തയും ഉള്ള സ്ത്രീ കാറിൽ നിന്നും ഇറങ്ങി. ഇവരെ കണ്ടയുടൻ തന്നെ, മാവിൻ ചോട്ടിൽ നിന്നിരുന്ന ഉണ്ണി പതിയെ പറഞ്ഞു:

"അച്ചുവേട്ടൻ"

വർഷങ്ങൾക്ക് മുമ്പ് ഒരു ക്രിസ്ത്യാനി പെണ്ണിനേയും കൊണ്ട് നാടുവിട്ട അച്യുതൻ കുട്ടി, ഇതാ വീട്ടുമുറ്റത്ത് വീണ്ടും വന്നിരിക്കുന്നു. ആട്ടിപ്പായിച്ച അവന്റെ സ്വന്തം അച്ഛനെ അവസാനമായി ഒന്നു കാണാൻ.

അച്ചു തന്റെ ഭാര്യയുടെ കൈയും പിടിച്ചുകൊണ്ട് സർവ്വധൈര്യവും സംഭരിച്ച് വീടിനകത്തേക്ക് കയറി. അകത്തു മുഴുവൻ പൂർണ്ണ നിശബ്ദത. വീടിനകത്തെ പഴയ ആ ഘടികാരത്തിന്റെ സൂചി നീങ്ങുന്ന ശബ്ദം അച്ചുവിന്റെ ചെവികളിൽ മുഴങ്ങി കൊണ്ടിരുന്നു. പെട്ടെന്ന് അച്ചുവിന്റെ ഷർട്ടിന്റെ കോളറിൽ ആരോ പിടിക്കുന്നു. വേഗത്തിൽ അവനെ പുറത്തേക്ക് ആരോ തള്ളി. അശോകനായിരുന്നു അത്. അച്ചുവിന്റെ ഒരേയൊരു അനിയൻ.

"അച്ഛൻ നിന്നോട് പറഞ്ഞിട്ടുള്ളതല്ലേ, ഈ വീട്ടിൽ

കാല് കുത്തരുതെന്ന്? പിന്നെ എന്തിനാ ഇവളേം കൂട്ടി ഇങ്ങോട്ടേക്ക് വന്നത്?"

അച്ചുവിന് മറുപടി ഒന്നും പറയാൻ കഴിയുന്നുണ്ടായിരുന്നില്ല. അവന്റെ രണ്ട് കണ്ണുകളും മുമ്പത്തേതിനേക്കാൾ നിറഞ്ഞിട്ടുണ്ടായിരുന്നു. അവന്റെ തൊണ്ടയിൽ എന്തോ വലിയ ഭാരം നിറഞ്ഞതുപോലെ അവന് അനുഭവപ്പെട്ടു. ക്ലാര - അച്ചുവിന്റെ ഭാര്യ - എന്തൊക്കെയോ അശോകനോട് പറയുന്നുണ്ടായിരുന്നു. പക്ഷെ ഒന്നും അച്ചുവിന് വ്യക്തമായി കേൾക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. വീട്ടിലെ ആ പഴയ ഘടികാരത്തിന്റെ സൂചിയേക്കാളും വേഗത്തിൽ അച്ചുവിന്റെ മനസാകുന്ന ഘടികാരത്തിന്റെ സൂചി പിന്നിലോട്ട് ചലിച്ചു.

രണ്ട് മൂന്ന് കൊല്ലങ്ങൾക്ക് മുമ്പ്, അശോകനും അച്യുതനും അവരുടെ അച്ഛൻ രാഘവനും സന്തോഷത്തോടെ ആ ചെറിയ വീട്ടിൽ താമസിച്ചിരുന്ന കാലത്താണ് നാടുമൊത്തം ആ വാർത്ത കാട്ടുതീ പോലെ വ്യാപിച്ചത്. ക്ലാരയുടെ അപ്പൻ വർഗ്ഗീസ്, വീട്ടിൽ തൂങ്ങി മരിച്ചു. ക്ലാരയുടെ അമ്മച്ചി അവളുടെ പത്താം വയസിൽ തന്നെ എന്തോ വലിയ അസുഖം ബാധിച്ച് മരിച്ചതാണ്.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 950 Participant Code: 329

ഇപ്പോൾ ഇതാ അച്ഛനും കൂടി പോയി. എന്തോ
കടബാധിതയാണ് മരണ കാരണം. താരയെ എന്തോ
മരണത്തിലേയ്ക്കയയ്ക്കുകയാണ്. നാലാം ക്ലാസിൽ പഠിക്കുന്ന
കാലം തൊട്ട് അച്ചുവിന് താരയെ നല്ലോണം അറിയാം.
കൂടെ പഠിച്ചിരുന്ന കുട്ടിയോട് ഒരാകർഷണം തോന്നുന്നത്
സാധാരണ കാര്യമാണ്. ഈ കാര്യം അച്ചുവിനല്ലാതെ
മറ്റാർക്കും അറിയില്ലായിരുന്നു. പക്ഷെ അന്ന്, താരയുടെ
അച്ഛൻ മരിച്ച ആ ദിവസം, ഈ കാര്യം അച്ചു തന്റെ
ഉറ്റ സുഹൃത്തിനോട് പറഞ്ഞു. അവൻ അച്ചുവിനെ ഒരുപാട്
ഉപദേശിച്ച് ഉപദേശിച്ച്, അച്ചുവിനെകൊണ്ട് അവന്റെ
ഇഷ്ടം അവളോട് തുറന്ന് പറയിക്കുന്നത് വരെ എത്തിച്ചു.
അന്ന് രാത്രി അച്ചു അവളുടെ മുറിയുടെ ജനലിനടുത്തു
വന്ന് ചോദിച്ചു: "ഞാൻ വിളിച്ചാൽ എന്റെ കൂടെ
ഇപ്പോൾ ഇറങ്ങി വരുമോ? നിന്നെ താങ്ങാൻ എന്റെ
കൈകൾക്ക് ബലം ഉള്ള കാലം വരെ നിന്നെ
ഞാൻ സംരക്ഷിച്ചുകൊള്ളാം. എന്റെ കൂടെ വരുമോ?"
ഇതിനവൾ ഒരുപാട് കാര്യങ്ങൾ മറുപടി പറഞ്ഞു.
ഒന്നും അച്ചുവിന് വ്യക്തമാവുന്നില്ലായിരുന്നു. ഒടുവിൽ

അവൻ കേട്ടു: "എനിക്ക് ജീവനുള്ള കാലം വരെയും ഞാൻ അച്ചുവിന്റെ മാത്രം ആയിരിക്കും."

അന്ന് രാത്രി അവിടെ നിന്നും ഇറങ്ങി. കല്യാണം കഴിഞ്ഞ് നേരെ പോന്നത് അച്ചൂന്റെ അടുത്തേക്കാണ്. വേറെ ആര് തള്ളി പറഞ്ഞാലും, അച്ചൂൻ കൂടെ നിക്കും എന്ന വിശ്വാസം ആയിരുന്നു അവന്റെ മനസ്സു നിറയെ. പണ്ട് സ്വാതന്ത്ര്യസമരത്തിന് വേണ്ടിയും ലിംഗസമത്വത്തിന് വേണ്ടിയും മതപരമായും ജാതിപരമായും ഉള്ള സമത്വത്തിന് വേണ്ടിയും പ്രവർത്തിച്ച ആളാണ് രാഘവൻ. ആ വ്യക്തി ഒരു ക്രിസ്ത്യാനിയെ വിവാഹം കഴിച്ചതിന്റെ പേരിൽ ഒന്നും പറയില്ല എന്ന വിശ്വാസം. ആ വിശ്വാസം അയാൾ തെറ്റിച്ചു. "മനുഷ്യനെന്ന ഒരു മതവും ജാതിയും മാത്രമേ നമുക്കുള്ളൂ" എന്ന് പ്രസംഗിച്ച ആ അച്ചൂൻ തന്നെ, ഒരു ക്രിസ്ത്യാനിയെ വിവാഹം കഴിച്ചതിന്റെ പേരിൽ, തെരുവ് പട്ടികൾക്ക് കൊടുക്കുന്ന വില പോലും കൊടുക്കാതെ ആട്ടിപായിച്ചു. അന്ന് ഇറങ്ങിയതാണ് ആ വീട്ടിൽ നിന്നും. പിന്നെ ഇപ്പോൾ അച്ചൂന്റെ മരണ വാർത്ത അറിഞ്ഞു വന്നതാണ്.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന്റെ ഓർമയ്ക്കായി അച്ഛന് ഏതോ വലിയ സമരസേനാനി നൽകിയതാണ് ആ ഘടികാരം. സ്വന്തം മക്കളെക്കാൾ സ്നേഹിച്ചതാണ് ആ ഘടികാരത്തെ അയാൾ നോക്കിയത്. ആ ഘടികാരത്തോട് അച്ചുവിന് അന്നേ വെറുപ്പായിരുന്നു. ഇപ്പോഴിതാ കൃത്യം മൂന്ന് മണിയായി എന്ന് അറിയിക്കുന്നതിനായി ആ ഘടികാരം ശബ്ദിക്കുന്നു. ആ ശബ്ദം അച്ചുവിൽ വല്ലാതെയധികം ദേഷ്യം ഉണ്ടാക്കി. തന്നെ എല്ലാവരും കൂടി കളിയാക്കുകയാണ് എന്ന് അച്ചുവിന് ആ ശബ്ദം കേട്ടപ്പോൾ തോന്നി. സ്വയം മറന്ന് എന്തും ചെയ്യാൻ പ്രാപ്തനായ ഒരു മൃഗത്തെ പോലെ അച്ചു മാറി. പെട്ടെന്ന് ഉണ്ണി വന്ന് അച്ചുവിന്റെ ദേഹത്ത് പിടിച്ചു.

"വാ അച്ചുവേട്ടാ"

തൊട്ടടുത്തുള്ള സ്വഭവനത്തിലേക്ക് ഉണ്ണി അവരെ സ്വാഗതം ചെയ്തു.

"അച്ചുവേട്ടൻ ഇതുവരെ എവിടെ ആയിരുന്നു."

"അടിമാലിൽ"

"അവിടെ എന്താ പരിപാടി."

"മൂന്നാലേക്കറ് നിലം ഉണ്ട്. അതിന് കിട്ടുന്ന വരുമാനം കൊണ്ട് ആണ് ജീവിക്കുന്നത്."

"അച്ചുവേട്ടന് അവിടെ സുഖം അല്ലെ."

"കൊഴപ്പമില്ലടാ" ഉണ്ണിയുടെ തോളിൽ അച്ചു പതുക്കെ തട്ടി.

"നിനക്കിവിടെ സുഖം ആണോ?"

"എന്ത് സുഖം. അമ്മേം അച്ഛനും നേരത്തെ പോയി. ആകെ ഉണ്ടായിരുന്നത് ഒരു പെങ്ങളാ. അവൾ...."

"അവൾക്കെന്തു പറ്റി?"

"നിങ്ങടെ അനിയന്റെ പേരും പറഞ്ഞ് ആറ്റിൽ ചാടി ചത്ത്. അവൾക്ക് അവനെ ഒരുപാട് ഇഷ്ടമായിരുന്നു. അവന് അവളേം. ഞാൻ പെണ്ണ് ചോയിച്ച് പോയപ്പോൾ, നിങ്ങടെ അച്ഛൻ, ആ പഴയ ക്ലോക്ക് കാട്ടീട്ട് പറയുവാ, അതിന്റെ ചെറിയ സൂചിടെ വെല പോലും ഞങ്ങൾക്കില്ലെന്ന്. കേട്ടപാതി കേൾക്കാത്ത പാതി അവൾ ആറ്റിൽ ചാടി ചത്ത്."

അച്ചുവിന്റെ രണ്ട് കണ്ണുകളും മിഴിച്ചു പോയി.

അച്ചുവിന് അവിടെ ഇരിക്കുന്നതിൽ എന്തോ ഒരു ബുദ്ധിമുട്ടനുഭവപ്പെട്ടു. അവൻ അവിടെ നിന്നും പതിയെ എഴുന്നേറ്റ് ക്ലാരയുടെ കയ്യും പിടിച്ചുകൊണ്ട് മുറ്റത്തേക്കി-റങ്ങി. സമയം ഇപ്പോൾ ഒരു മൂന്നരയായിക്കാണും. അവർ ആ കാറിൽ കയറി. തിരികെ പോകുന്നതിന് മുമ്പ് ഉണ്ണിയെ ഒന്ന് നോക്കി. പകൽ വെളിച്ചം അപ്പോഴും അവിടെ ഉണ്ടായിരുന്നു. പക്ഷെ എന്നിട്ടും ഉണ്ണിയുടെ വീടും സ്ഥലവുമെല്ലാം ഇരുട്ടിൽ മുങ്ങിയിരിക്കുന്നത് പോലെ അച്ചുവിന് തോന്നി.

അച്ചു കാറിൽ നിന്നും ഇറങ്ങിയിട്ട് ഉണ്ണിയുടെ അടുത്ത് ചെന്നു നിന്നിട്ട് പറഞ്ഞു: "എടുക്കാനുള്ളത് എന്താന്ന് വെച്ചാൽ എടുത്തോ! നമുക്ക് പോകാം."

"എങ്ങോട്ടേക്ക്?"

"അടിമാലിയ്ക്ക്."

ഉണ്ണി സാധനങ്ങളുമായി കാറിനരികിലേക്ക് വന്നു. ഒരു ഭാവവ്യത്യാസവും ഇല്ലാതെ ക്ലാര അവനെ കാറിലേക്ക് കയറി ഇരിക്കാൻ നിർബന്ധിച്ചു. അവരുടെ കാർ മുന്നോട്ട് നീങ്ങുമ്പോൾ, പുറകിൽ എരിഞ്ഞുയരുന്ന പുക

അവർ ശ്രദ്ധിച്ചില്ല. ഘടികാര സൂചികൾ വേഗത്തിൽ മുന്നോട്ട് നീങ്ങി. ദിവസങ്ങളും മാസങ്ങളും കൊല്ലങ്ങളും ഒക്കെ കടന്നു പോയി. ഇന്ന് അടിമാലിയിലെ പേരുകേട്ട കർഷകരാണ് അച്യുതനും അവന്റെ ഭാര്യ ക്ലാരയും കൂടാതെ അവന്റെ അനിയൻ ഉണ്ണിയും. ഇനിയും വേഗത്തിൽ ഘടികാരസൂചികൾ നീങ്ങും. ആ കാലമത്രയും ഇവർ സന്തോഷത്തോടെ ജീവിക്കും. ജാതിയും മതവുമൊന്നും ഇവരുടെ സ്നേഹത്തെ ബാധിക്കുന്നില്ല. ജാതിയുടെയും മതത്തിന്റെ ഘടികാരസൂചികളെ എതിർത്തുകൊണ്ട് ഇവരുടെ ജീവിതം മുന്നോട്ടൊഴുകും.